## പതിനാലാം കേരള നിയമസഭ

### ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 3088

21/08/2017-ൽ മറുപടിയ്ക്ക്

## ഭൂരഹിത ഭവനരഹിത കുടുംബങ്ങൾ

| | ചോദ്യം<br>ശ്രീ.കോവൂർ കുഞ്ഞുമോൻ | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | പുറമ്പോക്ക് ഭൂമിയിൽ അടച്ചുറപ്പില്ലാത്ത വീടുകളിൽ താമസിക്കുന്ന എത്രകുടുംബങ്ങൾ ഉണ്ട്; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ | (എ) | പ്രസ്തുത കണക്കുകൾ ഇപ്പോൾ ലഭ്യമല്ല. |
| (ബി) | ലൈഫ് പദ്ധതിയിൽ ആനുകൂല്യം ലഭിക്കാൻ അർഹതയുള്ള എത്ര കുടുംബങ്ങൾ നിലവിലുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് നല്കുമോ; | (ബി) | LIFE പദ്ധതിയിൽ ഉൾപ്പെടേണ്ടവരുടെ കരട് പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആയതിന്മേലുള്ള ആക്ഷേപങ്ങളും പരാതികളും പരിഹരിച്ചതിനു ശേഷം അന്തിമ പട്ടിക പ്രസിദ്ധീകരിക്കുമ്പോൾ മാത്രമേ കൃത്യമായ എണ്ണം നിശ്ചയിക്കാൻ കഴിയുകയുള്ളൂ. |
| (സി) | സ്വന്തമായി ഭൂമിയുള്ളതും വീടില്ലാത്തതും, ഭൂമിയും വീടും ഇല്ലാത്തതുമായ എത്ര കുടുംബങ്ങൾ ഉണ്ട്; | (സി) | കുടുംബശ്രീ നടത്തിയ സർവ്വേയിൽ കരട് സാദ്ധ്യതാ ലിസ്റ്റിൽ ഭവനരഹിതരായി 506904 പേരെയാണ് കണ്ടെത്തിയിട്ടുള്ളത്. ഇതിൽ 373138 ഭൂരഹിത ഭവന രഹിതരും 133766 ഭൂമിയുള്ള ഭവന രഹിതരുമാണുള്ളത്. |
| (ഡി) | ത്രിതല പഞ്ചായത്തുകൾ സ്വകാര്യ വ്യക്തികളിൽ നിന്നും മാർക്കറ്റ് വിലക്ക് ഭൂമി വാങ്ങി ഭൂരഹിതർക്ക് നല്കാൻ എന്തെങ്കിലും പദ്ധതിയുണ്ടോ; ഇല്ലെങ്കിൽ അത്തരം പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ഡി) | ഇല്ല, ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ